**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1114** **06-02-2023 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശിക പിരിച്ചെടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ജല അതോറിറ്റിക്ക് കുടിശിക ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കിയിട്ടുണ്ടോ; കുടിശിക വരുത്തിയതിൽ സർക്കാർ ഓഫീസുകളും പൊതുമേഖല സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | **12/2022 ലെ ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡി.സി.ബി) പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ഉപഭോക്താക്കളിൽ നിന്നും കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ള തുക-1591.80 കോടി രൂപയാണ്.**<br><br>**സർക്കാർ ഓഫീസുകളും പൊതുമേഖല സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.**<br><br>• **പൊതുമേഖല സ്ഥാപനങ്ങൾ :10. 57 കോടി**<br>• **സർക്കാർ ഓഫീസുകൾ :222.12 കോടി**<br>• **തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ: 955.55കോടി** |
| (ബി) | ജല അതോറിറ്റി നിലവിലെ താരിഫ് നിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം പ്രതിവർഷം താരിഫിൽ ലഭിക്കുന്ന വർദ്ധനവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) | **തീരുമാനിച്ചിട്ടുണ്ട്. പ്രതിവർഷം താരിഫിൽ 401.61 കോടി രൂപയുടെ വർദ്ധനവാണ് കണക്കാക്കിയിട്ടുള്ളത്.** |
| (സി) | ജല അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശിക കൃത്യമായി പിരിച്ചെടുത്ത് താരിഫ് വർദ്ധനവ് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ? | (സി) | **വാട്ടർ ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.കൃത്യമായി ബില്ല് അടക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. അധിക കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ കുടിശ്ശിക നിവാരണം ചെയ്യുന്നതിന് ആംനസ്റ്റി പദ്ധതിപ്രകാരം വാട്ടർ ചാർജ് അടയ്ക്കുന്നതിന് ക്രമീകരണം ചെയ്തുവരുന്നു. കൂടാതെ സമയബന്ധിതമായി കുടിശിക തീർക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന വാർ റൂം എല്ലാ സെക്ഷൻ തലത്തിലും സബ് ഡിവിഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉപഭോക്താവ് ആവശ്യപ്പെടുന്ന** |

| | | | |
|---|---|---|---|
| | | | മുറക്ക് തവണകൾ ആയി കുടിശ്ശിക അടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.<br>സർക്കാർ ഓഫീസുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അതോറിറ്റിയുടെഎല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക അടക്കണം എന്ന് കാണിച്ച് ജല വിഭവ വകുപ്പ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർക്ക് കത്തു നൽകിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്ര ശ്രമം നടത്തി വരുന്നു. യുദ്ധകാല അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു വേണ്ടി എല്ലാ ഓഫീസുകളിലും 01/01/2023 മുതൽ 31/03/2023 വരെ വാർ റൂമുകൾ പ്രവർത്തിച്ചു വരുന്നു.ഈ കാലയളവിലും കുടിശ്ശിക തുക അടക്കാത്ത കണക്ഷനുകൾ വിഛേദിക്കുന്നതാണ്. എന്നിരുന്നാലും വാട്ടർ അതോറിറ്റി വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ചാർജ് വർദ്ധനവ് ഒഴിവാക്കാൻ നിർവാഹമില്ല എന്ന് കാണുന്നു. |

സെക്ഷൻ ഓഫീസർ